കേരളത്തിലേക്ക് അയയ്ക്കുന്ന വാഗണുകളും റെയിൽവേ ജംഗ്ഷനുകളിൽ താമസിപ്പിക്കാതെ വേഗത്തിൽ നേരിട്ട് ഇവിടെ എത്തിക്കുന്നതിനു് നടപടി കളും സ്വീകരിച്ചു. കൂടാതെ പ്രധാനപ്പെട്ട റെയിൽവേ ജംഗ്ഷനുകളും സന്ദർശിച്ചു് അവിടെ കേരളത്തിലേക്കുള്ള അരിവാഗണുകളും താമസിച്ചു കിടപ്പുണ്ടെങ്കിൽ അവയെ ഉടനടി അയപ്പിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചു. സ്പെഷ്യലാഫീസർ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളും സന്ദർശിച്ചു് സത്വര നടപടികളും സ്വീകരിച്ചു. തന്മൂലം കൂടുതൽ അരി പെട്ടെന്നു് കേരളത്തിൽ എത്തിക്കുന്നതിനു സാധിച്ചു.

ന്യായവില ഡിപ്പോകളിൽകൂടി കൂടുതൽ അരി വിതരണം ചെയ്യുന്നതിലേക്കായി കേന്ദ്രഗവണ്മെന്റിൽനിന്നും 5000 ടൺ അരി സ്പെഷ്യൽ കോട്ടയായി സമ്പാദിച്ചു. ഈ സ്റ്റോക്കു് ഉപയോഗിച്ചു് 22–12–1963 മുതൽ രണ്ടാഴ്ചക്കാലത്തേക്കു് ന്യായവില ഷാപ്പുകളിൽകൂടി കാർഡൊന്നിനു് രണ്ടിടങ്ങഴി അരിവീതം വിതരണം നടത്തുകയുണ്ടായി.

ജില്ലാ കളക്ടർമാർ മൊത്തവ്യാപാരികളെ വിളിച്ചുകൂട്ടി അമിത ലാഭേച്ഛയെ നിരുത്സാഹപ്പെടുത്തുകയും അവരുടെ സഹകരണം സമ്പാദിക്കുകയും ചെയ്തു.

കടലാക്രമണനിരോധനത്തെ സംബന്ധിച്ച റിപ്പോർട്ടു്.

* 506. [6] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമേരിക്കയിൽനിന്നു് കടലാക്രമണനിരോധന വിദഗ്ദ്ധൻ കേരളത്തിൽ വന്നു് പരിശോധന നടത്തി വല്ല റിപ്പോർട്ടും ഗവണ്മെന്റിനു് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലെ നിർദ്ദേശങ്ങൾ എന്താണു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) കേന്ദ്രഗവണ്മെന്റിനു സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി ഈ ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടു്.

(ബി) റിപ്പോർട്ടിലടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളുടെ ലിസ്റ്റു് * മേശപ്പുറത്തു വച്ചിട്ടുണ്ടു്.

വിഷവൈദ്യശാലകൾ.

* 507. [17] ശ്രീ. കെ. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ എത്ര വിഷവൈദ്യശാലകൾ ഉണ്ടു് ;

(ബി) അവയിൽ എത്ര ഗവണ്മെന്റു നേരിട്ടു നടത്തുന്നു ; എത്ര എണ്ണത്തിനു ഗ്രാന്റുകൾ നൽകുന്നു :

(സി) ഓരോ വില്ലേജിലും കുറഞ്ഞതു് ഓരോ വിഷവൈദ്യശാല സ്ഥാപിക്കുന്നതിനെപ്പറ്റിയോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥാപനങ്ങൾക്കു ധനസഹായം ചെയ്യുന്നതിനെപ്പറ്റിയോ ഗവണ്മെന്റു് ആലോചിച്ചിട്ടുണ്ടോ ;

(ഡി) വിഷവൈദ്യശാലകൾക്കു് അംഗീകാരം കൊടുക്കുമ്പോൾ കിഴക്കൻപ്രദേശങ്ങൾക്കു് മുൻഗണന കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

* Appendix IV.

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ എം. പി. ഗോവിന്ദൻനായർ) :

(എ) സ്റ്റേറ്റിൽ ആകെ 122 വിഷവൈദ്യശാലകളും ഉണ്ട്.

(ബി) അവയിൽ രണ്ടു വിഷവൈദ്യ ആശുപത്രികളും അഞ്ചു വിഷവൈദ്യഡിസ്പെൻസറികളും ഗവണ്മെന്റ് നേരിട്ടു നടത്തുന്നു. 115 എണ്ണത്തിനു ഗ്രാൻറ് നൽകുന്നു.

(സി) ഈ കാര്യത്തിൽ യാതൊരു പദ്ധതിയും ഗവണ്മെന്റ് [illegible]രിച്ചിട്ടില്ല. എന്നാൽ ആവശ്യം അനുസരിച്ചും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതുക അനുസരിച്ചും വിഷവൈദ്യശാലകൾക്ക് ഗ്രാൻറ് നൽകുന്നുണ്ട്.

(ഡി) ഗ്രാൻറ് അനുവദിക്കുന്ന അവസരത്തിൽ ഗ്രാൻറിനു കൂടുതൽ ആവശ്യകതയും അർഹതയുമുള്ള സ്ഥലങ്ങൾക്കും സ്ഥാപനങ്ങൾക്കും ഗവണ്മെന്റ് മുൻഗണന നൽകുന്നുണ്ട്.

തടിലേലം.

* 508, [18] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ (1963–64) ഡിസംബർ അവസാനംവരെ വനത്തിൽനിന്നും തടി ലേലം ചെയ്തും മറ്റും എത്ര വരുമാനമുണ്ടായിട്ടുണ്ട് ;

(ബി) വനത്തിലെ മറ്റു വിഭവങ്ങളിൽനിന്നും എത്ര വരുമാനമുണ്ടായിട്ടുണ്ട് ;

(സി) നമ്മുടെ വനസമ്പത്തുകൾ വർദ്ധിപ്പിക്കുന്നതിനു ഗവണ്മെന്റ് എത്ര നടപടികൾ എടുത്തിട്ടുണ്ട് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) തടിവില്പനയിൽനിന്നുമുള്ള വരുമാനം 3,10,57,428 രൂപയാണ്.

(ബി) മറ്റു വിഭവങ്ങളിൽനിന്നുമുള്ള വരുമാനം 31,11,530 രൂപയാണ്.

(സി) വനങ്ങൾ വളരെയധികം തെളിച്ചു, തേക്ക്, യൂക്കാലിപ്റ്റസ് വെള്ള മരങ്ങൾ (Softwood) മുതലായ വിലപിടിപ്പുള്ള പ്ലാന്റേഷനുകൾ വച്ചുപിടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ.

* 509. [22] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) മൊത്ത വ്യാപാര ഉപഭോക്തൃസഹകരണസ്റ്റോറുകൾ ഈ സംസ്ഥാനത്തു് എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(ബി) ഓരോന്നിനും ഗവണ്മെന്റ് നൽകിയിട്ടുള്ള ലോണും, ഗ്രാൻറും തുകയെത്ര ;

(സി) പ്രവർത്തനം ആരംഭിക്കാത്തവ എപ്പോൾ ആരംഭിക്കുമെന്നു് പ്രതീക്ഷിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly